II ഇ.ബി. XIV-കേരള നിയമസഭ/I-3

# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2016 ജൂൺ 30, വ്യാഴം

നിയമസഭ രാവിലെ 08.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

7 (*61) പട്ടികവർഗ്ഗ വിഭാഗത്തിനുള്ള ഭവനനിർമ്മാണ പദ്ധതി

പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) നൽകിയ മറുപടിയിൽ, അർഹരായ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ജനറൽ ഹൗസിംഗ്, ഹഡ്കോ, എ.റ്റി.എസ്.പി. എന്നീ ഭവനനിർമ്മാണ പദ്ധതികൾ വഴിയും ഗ്രാമവികസന വകുപ്പിന് കീഴിലുള്ള ഐ.എ.വൈ. ഭവനനിർമ്മാണ പദ്ധതി വഴിയും വീടുകൾ അനുവദിച്ചുനൽകുന്നുണ്ടെന്ന് സഭയെ അറിയിച്ചു. നിലവിൽ 350 ചതുരശ്ര അടിയുള്ള വീട് നിർമ്മിക്കുന്നതിന് 3.5 ലക്ഷം രൂപയും ആറ് വർഷം പൂർത്തിയായ വീടുകളുടെ അറ്റകുറ്റപ്പണിക്ക് പട്ടികവർഗ്ഗ വികസന

വകുപ്പുവഴി ഒരു ലക്ഷം രൂപയുമാണ് അനുവദിക്കുന്നത്. ഇ.എം.എസ്. സമ്പൂർണ്ണ പദ്ധതിയിൽപ്പെടുത്തി പട്ടികവർഗ്ഗ വിഭാഗക്കാർക്കായി സമ്പൂർണ്ണ ഭവന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഈ സാമ്പത്തിക വർഷം 5000 വീടുകൾ പുതുതായി അനുവദിക്കാൻ ലക്ഷ്യമിടുന്നുണ്ട്. ഐ.എ.വൈ. പദ്ധതി പ്രകാരമുള്ള വീടുകളുടെ പണി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും വിവിധ പദ്ധതികൾ പ്രകാരം ആദിവാസി കുടുംബങ്ങൾക്ക് നിർമ്മിച്ചുനൽകുന്ന വീടുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതാണ്. ദുർഘടമായ വനാന്തരങ്ങൾ, ഗതാഗത സൗകര്യത്തിന്റെയും വിദഗ്ധരായ നിർമ്മാണത്തൊഴിലാളികളുടെയും അഭാവം, നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യം, പ്രകൃതിക്ഷോഭം എന്നീ കാരണങ്ങളാൽ അനുവദിക്കുന്ന തുക ഉപയോഗിച്ച് വീടുപണി പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യമുള്ളതിനാൽ തുക വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണ്. എല്ലാ പട്ടികവർഗ്ഗ വിഭാഗക്കാർക്കും സ്വന്തമായി ഭൂമിയും വീടും ലഭ്യമാക്കുന്നതിനുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുന്നതാണെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

8 (*62) **പട്ടികജാതിയിൽപ്പെട്ടവരുടെ വായ്പാ കുടിശ്ശിക**

പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ പട്ടികജാതി വിഭാഗക്കാർ പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ വകുപ്പ് എന്നിവിടങ്ങളിൽ നിന്നുമെടുത്തതും 31-03-2010-ന് മുമ്പ് തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ 1,00,000/- രൂപ വരെ എഴുതിത്തള്ളുന്ന പദ്ധതിക്ക് 2009-ൽ തുടക്കം കുറിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പ്രസ്തുത തുകയുടെ സീലിംഗ് ഉയർത്തുന്നത് സംബന്ധിച്ചും വായ്പാത്തുക കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് ഇൻസെന്റീവ് നൽകുന്നത് സംബന്ധിച്ചും പരിശോധിക്കുന്നതാണ്. വായ്പാത്തുക പൂർണ്ണമായി അടച്ചവരുടെ ആധാരങ്ങൾ റിലീസ് ചെയ്യുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിന് സഹകരണ വകുപ്പുമായി ചേർന്ന് നടപടി സ്വീകരിക്കുന്നതാണെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

9 (*63) **കുടിവെള്ള വിതരണം**

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു റ്റി. തോമസ്) നൽകിയ മറുപടിയിൽ, ജപ്പാൻ ഇന്റർനാഷണൽ കോ-ഓപ്പറേഷൻ ഏജൻസി (ജൈക്ക)-യുടെ ധനസഹായത്തോടെ കേരള വാട്ടർ സപ്ലൈ പ്രോജക്ടിൽപ്പെടുത്തി തിരുവനന്തപുരം, മീനാട്, ചേർത്തല, കോഴിക്കോട്, പട്ടുവം എന്നീ കുടിവെള്ള പദ്ധതികളും ലോകബാങ്ക് ധനസഹായത്തോടെ ജലനിധി പദ്ധതിയും നടപ്പിലാക്കുന്നുണ്ടെന്നും ചേർത്തലയിലും പട്ടുവത്തും പൂർണ്ണമായും തിരുവനന്തപുരം, മീനാട്, കോഴിക്കോട് എന്നിവിടങ്ങളിൽ ഭാഗികമായും പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ജലനിധി രണ്ടാംഘട്ടത്തിലെ ബാച്ച് 1-ൽ 20 പഞ്ചായത്തുകളിലായി 441 എണ്ണവും ബാച്ച് 2-ൽ 61 പഞ്ചായത്തുകളിലായി 734 എണ്ണവും പൂർത്തീകരിച്ച് കുടിവെള്ള വിതരണം നടത്തിവരികയും ബാച്ച് 3-ൽപ്പെട്ട 23 പഞ്ചായത്തുകളിൽ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. ജൈക്ക പദ്ധതിയിൽപ്പെടാത്ത ജില്ലകളെ ഉൾപ്പെടുത്തി ഒരു സമഗ്ര ജില്ലാ പദ്ധതി (കോംപ്രഹെൻസീവ് ഡിസ്ട്രിക്ട് പ്ലാൻ) ആരംഭിക്കുന്നതാണ്. ഭാഗികമായി കമ്മീഷൻ ചെയ്ത പ്രോജക്ടുകൾ പരിപൂർണ്ണമായി കമ്മീഷൻ ചെയ്യുന്നതിനും യഥാസമയം മെയിന്റനൻസ് നടത്തുന്നതിനും സ്ഥിരമായി കേടുപാട് സംഭവിച്ചുകൊണ്ടിരിക്കുന്ന

വൈക്കം-മറവൻതുരുത്ത് പഞ്ചായത്തിലെ പൈപ്പ്ലൈൻ നവീകരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. വാട്ടർ അതോറിറ്റിയിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. പണമില്ലാത്തതിന്റെ പേരിൽ പുതിയ ജലവിതരണ പദ്ധതികളുടെ പ്രവൃത്തികൾ തടസ്സപ്പെടില്ലെന്നും കേന്ദ്രാവിഷ്കൃത പദ്ധതികളിലുള്ള സംസ്ഥാന വിഹിതം കൃത്യമായി ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതാണെന്നും ഉപചോദ്യങ്ങളിലിടപെട്ടുകൊണ്ട് മന്ത്രി വ്യക്തമാക്കി.

10 (*64) **ഇതരസംസ്ഥാന തൊഴിലാളികൾ**

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) നൽകിയ മറുപടിയിൽ, ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷന്റെ 2013-ലെ റിപ്പോർട്ട് പ്രകാരം സംസ്ഥാനമൊട്ടാകെ 25 ലക്ഷത്തിലധികം ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്തുവരുന്നതായി സഭയെ അറിയിച്ചു. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിനുകീഴിൽ നടപ്പിലാക്കിവരുന്ന കേരള കുടിയേറ്റത്തൊഴിലാളി ക്ഷേമ പദ്ധതിയിൽ 30-04-2016 വരെ 53,136 തൊഴിലാളികൾ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

തൊഴിൽ വകുപ്പിന് കീഴിലുള്ള "*ഭവനം ഫൗണ്ടേഷൻ കേരള്*" ഇതരസംസ്ഥാന തൊഴിലാളികൾക്കായി എട്ട് കോടി രൂപ ചെലവിൽ പാലക്കാട് ജില്ലയിൽ പണിപൂർത്തിയാക്കി വരുന്ന *'അപ്നാ-ഘർ'* ഭവന പദ്ധതിയുടെ മാതൃകയിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ നഗരങ്ങളിലും പാർപ്പിട സൗകര്യം നിർമ്മിക്കുന്നതിനുള്ള പദ്ധതി ഗവൺമെന്റിന്റെ പരിഗണനയിലാണ്. ഇതര സംസ്ഥാനത്തൊഴിലാളികളുടെ രജിസ്ട്രേഷൻ ഉറപ്പുവരുത്തുന്നതിനും ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനുമായി ഒരു പ്രത്യേക ഇൻഷ്വറൻസ് സ്കീം ആരംഭിക്കുന്നതിനുള്ള നടപടി ഈ സാമ്പത്തിക വർഷം സ്വീകരിക്കുന്നതാണെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മന്ത്രി വ്യക്തമാക്കി.

(നക്ഷത്ര ചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 478 മുതൽ 688 വരെയുള്ള ചോദ്യങ്ങളിൽ 109 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)

* * * * * * * * * *